## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1417 | 03.12.2015-ൽ മറുപടിയ്ക്ക്

### സുരക്ഷിത റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ബെന്നി ബെഹനാൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, വർക്കല കഹാർ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) | റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിങ്ങുകൾ, ഡയറക്ഷൻ ബോർഡുകൾ, സൈൻ ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹമ്പുകൾ, റംമ്പിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ തുടങ്ങിയ സുരക്ഷാ ഉപാധികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ, ജ്യോമട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയ്ക്കുള്ള ശുപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>പൊതുമരാമത്ത് വകുപ്പിലെ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽപ്പെടുത്തി കേരള റോഡ് സുരക്ഷ അതോറിറ്റിയെയും, കേരള പൊതു മരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് സുരക്ഷാ സെല്ലിനെയും ശക്തിപ്പെടുത്തുക, ജില്ലാ റോഡ് സുരക്ഷ സമിതികളെ ശക്തിപ്പെടുത്തി കൂടുതൽ മാതൃക സുരക്ഷാ റോഡുകൾ എല്ലാ ജില്ലകളിലും ഉണ്ടാക്കുക എന്നിവയാണ് പ്രധാനമായും ചെയ്യുക. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി എന്നിവ മീറ്റിങ്ങുകളും, സംസ്ഥാനതല അവലോകന യോഗങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന റോഡ് അപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നു. . |

സെക്ഷൻ ഓഫീസർ